*e-mail:doclt.psc@kerala.gov.in*
*website:www.keralapsc.gov.in*

*Telephone: 0495 2371971*

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ജില്ലാ ഓഫീസ്, കോഴിക്കോട്

ചുരുക്കപ്പട്ടിക നമ്പർ : 19/2022/DOD
കാറ്റഗറി നമ്പർ : 093/2022

കോഴിക്കോട്,
19-11-2022.

## വിജ്ഞാപനം

16.04.2022 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയിൽ വനം-വന്യജീവി വകുപ്പിൽ ₹.20000 - 45800/ (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട്-II) (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവർക്ക് സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ളത്) (ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) തസ്തികയുടെ നിയമനത്തിനായി 03.09.2022 ന് നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും, കായിക ക്ഷമതാ പരീക്ഷയ്ക്കും പരിഗണിക്കപ്പെടാനുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

### പുരുഷൻമാർ

| | |
|---|---|
| 111586 | 111680 |

(.....2)

## സ്കീകൾ

| |
|---|
| ഇല്ല |

കുറിപ്പ് :- 1

ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

കുറിപ്പ് :- 2

അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിരിക്കണമെന്ന യോഗ്യത അവകാശപ്പെട്ട/ബന്ധപ്പെട്ട രേഖകൾ upload ചെയ്ത പരീക്ഷയെഴുതിയ എല്ലാ ഉദ്യോഗാർത്ഥികളെയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുറിപ്പ് :- 3

27.10.2022 തീയതിയിലെ ERVII(1)3690/2022/EW വിജ്ഞാപനപ്രകാരം പരീക്ഷയെഴുതിയ ആരുടെയും ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെട്ടിട്ടില്ല.

കുറിപ്പ് :- 4

അന്തിമ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നതിന് വ്യക്തിഗത അറിയിപ്പ് SMS/Profile Message മുഖേന നൽകുന്നതാണ്.

(.....3)

കുറിപ്പ് :- 5

ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയിൽ വിജയിച്ചവർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കും ഇന്റർവ്യൂവിനും ഹാജരാകേണ്ടതാണ്. ഇന്റർവ്യൂവിന് പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ.

കുറിപ്പ് :- 6

നിലവിലുള്ള നടപടിക്രമപ്രകാരം ഉത്ത്റക്കടലാസ് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം 03.09.2022 ൽ നടന്ന OMR പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് നിശ്ചിത ഫീസ് ഒടുക്കിയ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

മുകേഷ് പരുപറമ്പത്ത്
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കോഴിക്കോട്

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ